# വിദ്യാ വിഷൻ 2025-26



# കാതോലിക്കേറ്റ്

## എച്ച് എസ് എസ് പത്തനംതിട്ട

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ, പത്തനംതിട്ട |
| സ്കൂൾ കോഡ് | : | 38057 |
| റവന്യു ജില്ലാ | : | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ലാ | : | പത്തനംതിട്ട |
| സബ് ജില്ലാ | : | പത്തനംതിട്ട |
| ബി ആർ സി | : | പത്തനംതിട്ട |
| താലൂക്ക് | : | കോഴഞ്ചേരി |
| ബ്ലോക്ക് | : | ഇലന്തൂർ |
| നിയോജക മണ്ഡലം | : | ആറന്മുള |
| മുനിസിപ്പാലിറ്റി | : | പത്തനംതിട്ട |

# കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ,

**ചരിത്രം / ആമുഖം**

മാക്കാംകുന്നിന്റെ തിലകക്കുറിയായി അനേകതലമുറകൾക്ക് വിജ്ഞാനം പകരുന്ന മധ്യതിരുവിതാംകൂറിലെ പുരാതനവും പ്രശസ്തവുമായ വിദ്യാലയമാണ് കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ. അധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും 94 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ് ഈ സരസ്വതി ക്ഷേത്രം. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ കാലത്താണ് ഈ വിദ്യാലയം മാക്കാംകുന്നിൽ സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1931- ൽ പുത്തൻകാ വിൽ കൊച്ചുതിരുമേനി (ഗീവർഗീസ് മാർ പീലക്സിനോസ്) യുടെ നേതൃത്വത്തിൽ ആണ് സ്കൂൾ സ്ഥാപിച്ചത്. ഇന്ന് കാതോലിക്കേറ്റ് കോളേജ് സ്ഥിതി ചെയ്യുന്ന ഭാഗത്തായിരുന്നു ആദ്യകാല വിദ്യാലയം. ഏതൊരു സ്ഥാപനവും സഭയുടെ പൊതുസ്വത്ത് ആയിരിക്കണമെന്നുള്ള ഉന്നത ദർശനം ഉൾക്കൊള്ളതക്ക വിധത്തിൽ " കാതോലിക്കേറ്റ്" എന്ന് ഈ സ്ഥാപനത്തിന് പേരു നൽകി.

1952-ൽ കാതോലിക്കേറ്റ് കോളേജ് സ്ഥാപിച്ചതോടെ കാതോലിക്കേറ്റ് സ്കൂൾ ഇന്ന് സ്ഥിതി ചെയ്യുന്ന ഭാഗത്തേക്ക് മാറ്റി

സ്ഥാപിക്കപ്പെട്ടു. 1964-ൽ ഇതൊരു ഹൈസ്കൂളായും 1998-ൽ ഹയർ സെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ടു. തുമ്പമൺ ഭദ്രാസനാധിപൻ കാലം ചെയ്ത അഭിവന്ദ്യ ഡാനിയേൽ മാർ പീലക്സിനോസ് തിരുമേനി ഈ വിദ്യാലയത്തിലെ ശാസ്ത്ര അധ്യാപകനും ജസ്റ്റിസ് ഫാത്തിമ ബീവി ഇവുടുത്തെ പൂർവ്വ വിദ്യാർത്ഥിയുമായിരുന്നു. പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ കെ ജി ചെറിയാൻ ബി.എ), എൽ.റ്റി ആയിരുന്നു.ഓടിട്ട കെട്ടിടത്തിൽ നിന്ന് ഇന്ന് 4 നില ബ്ലോക്കും ടൈൽ ഇട്ട് മനോഹര മാക്കി സ്കൂൾ ഉയർത്തപ്പെട്ടു. കാതോലിക്കേറ്റ് ആൻഡ് എം ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിൽപെട്ട ഈ സ്കൂളിന്റെ മാനേജർ ആയി ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി സേവനം അനുഷ്ഠിക്കുന്നു. ഈ വിദ്യാലയത്തിന്റെ പ്രിൻസിപ്പലായി ശ്രീ ജേക്കബ് ജോർജ്ജ്, പ്രഥമ അദ്ധ്യാപിക ആയി ശ്രീമതി. ജയമോൾ പി എം എന്നിവർ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു.

**CATHOLICATE HSS, PATHANAMTHITTA**

## വിദ്യാർത്ഥികളുടെ എണ്ണം

| STD | DIV | All | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC | | | OTHERS | | | APL | | | BPL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 5 | 3 | 29 | 28 | 57 | 4 | 6 | 10 | 0 | 0 | 0 | 4 | 6 | 10 | 9 | 12 | 21 | 5 | 2 | 7 | 7 | 2 | 9 | 20 | 20 | 40 | 9 | 8 | 17 |
| 6 | 3 | 49 | 46 | 95 | 12 | 9 | 21 | 0 | 0 | 0 | 10 | 6 | 16 | 18 | 20 | 38 | 8 | 7 | 15 | 1 | 4 | 5 | 24 | 28 | 52 | 25 | 18 | 43 |
| 7 | 3 | 40 | 38 | 78 | 9 | 6 | 15 | 0 | 0 | 0 | 9 | 8 | 17 | 13 | 8 | 21 | 5 | 9 | 14 | 4 | 7 | 11 | 20 | 27 | 47 | 20 | 11 | 31 |
| 8 | 3 | 64 | 42 | 105 | 12 | 8 | 20 | 0 | 0 | 0 | 7 | 4 | 11 | 28 | 21 | 49 | 9 | 5 | 14 | 8 | 4 | 12 | 45 | 24 | 69 | 19 | 18 | 37 |

| | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 9 | 3 | 81 | 61 | 142 | 18 | 10 | 28 | 0 | 0 | 0 | 11 | 8 | 19 | 34 | 26 | 60 | 9 | 10 | 19 | 9 | 7 | 16 | 47 | 43 | 90 | 34 | 18 | 52 |
| 10 | 3 | 62 | 55 | 117 | 12 | 10 | 22 | 0 | 0 | 0 | 7 | 7 | 14 | 18 | 23 | 41 | 19 | 10 | 29 | 6 | 5 | 11 | 36 | 42 | 78 | 26 | 13 | 39 |
| **ആകെ** | | **325** | **270** | **595** | **67** | **49** | **110** | **0** | **0** | **0** | 48 | **39** | **87** | **120** | **110** | **230** | **55** | **43** | **98** | **35** | **29** | **64** | **192** | **184** | **376** | **133** | **86** | **219** |

## മറ്റ് ന്യുനപക്ഷ സമുദായങ്ങൾ ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് സൊരാഷ്ട്രിയൻസ്

## മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| | MALAYALAM | | | ENGLISH | | | TAMIL | | | KANNADA | | | ALL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| STD | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 5 | 5 | 3 | 8 | 24 | 25 | 49 | 0 | 0 | 0 | 0 | 0 | 0 | 29 | 28 | 57 |
| 6 | 14 | 7 | 21 | 35 | 39 | 74 | 0 | 0 | 0 | 0 | 0 | 0 | 49 | 46 | 95 |
| 7 | 14 | 5 | 19 | 26 | 33 | 59 | 0 | 0 | 0 | 0 | 0 | 0 | 40 | 38 | 78 |
| 8 | 16 | 9 | 25 | 48 | 33 | 81 | 0 | 0 | 0 | 0 | 0 | 0 | 64 | 42 | 106 |
| 9 | 20 | 12 | 32 | 61 | 49 | 110 | 0 | 0 | 0 | 0 | 0 | 0 | 81 | 61 | 142 |
| 10 | 8 | 9 | 17 | 54 | 46 | 100 | 0 | 0 | 0 | 0 | 0 | 0 | 62 | 55 | 117 |
| **TOTAL** | **77** | **45** | **122** | **248** | **225** | **473** | 0 | 0 | 0 | 0 | 0 | 0 | **325** | **270** | **595** |

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസമാക്കൽ
4. വായനശേഷി വർദ്ധിപ്പിക്കൽ
5. ലൈബ്രറി നവീകരണം
6. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

7. പഠനയാത്രകൾ

8. സ്കൂൾ പത്രം, മാഗസിൻ

9. പ്രവർത്തി പരിചയ പരിശീലനം

10.ദിനാചരണങ്ങൾ ശക്തി പെടുത്തൽ

11. കായിക ശേഷി വികസനം

12. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

13.ശാസ്ത്ര - ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയ മേളകൾ

**<u>പൊതു ലക്ഷ്യങ്ങൾ</u>**

1. ഓരോ വിദ്യാർത്ഥിയുടെയും പഠനശേഷി തിരിച്ചറിഞ്ഞ് അവ ലഭ്യമാക്കി എന്ന് ഉറപ്പുവരുത്തും
2. വ്യത്യസ്ത മേഖലകളിൽ പ്രതിഭാധനരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അക്കാദമിക പ്രവർത്തനങ്ങൾ രൂപീകരിക്കുക.
3. മാനസിക, ശാരീരിക, പഠന വൈകല്യങ്ങൾ അനുഭവിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ആവശ്യമായ കൈത്താങ്ങലുകൾ നൽകുക.
4. വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും രക്ഷകർത്താക്കളെ യഥാസമയം അറിയിക്കുക. അവരെ പങ്കാളികളാക്കുക.

5. സാമൂഹിക സാംസ്കാരിക ബന്ധം എല്ലാ ഘട്ടങ്ങളിലും ഉറപ്പുവരുത്തുക.
6. എല്ലാ പ്രവർത്തനങ്ങളിലും അധ്യാപക രക്ഷാകർതൃ - വിദ്യാർത്ഥി ബന്ധം കാത്തു സൂക്ഷിക്കുക.

**അക്കാദമികം**

1. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ രൂപപ്പെടുത്തി എടുക്കുന്നതിനായി വിവിധതരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.
2. പതിപ്പുകൾ, ഡോക്യുമെന്ററികൾ, പുസ്തകങ്ങൾ, കലാരൂപങ്ങളുടെ അവതരണം, അഭിനയം, പ്രാചീന കലകൾ ആദിയായവ.

**അക്കാദമികേതരം**

1. പ്രാദേശിക ചരിത്രരചന, വ്യക്തി ചരിത്ര രചന, പത്രം, ഗണിത നിർമ്മിതികൾ, കലാരൂപങ്ങൾ, ശാസ്ത്ര - സാമൂഹിക ഗവേഷണ പ്രൊജക്ടുകൾ...
2. എല്ലാ വിഷയങ്ങൾക്കും പ്രയോജന പ്രദമാക്കുന്ന വിപുലമായ ലൈബ്രറി, റഫറൻസ് ഗ്രന്ഥങ്ങൾ, വ്യക്തിത്വ വികസനത്തിനുതകുന്ന ഗ്രന്ഥശേഖരണം.
3. സാമൂഹിക - സാംസ്കാരിക സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെയും, സഹായത്തോടെയും വർത്തമാന പത്രങ്ങളും മാസികകളും എല്ലാ ക്ലാസ്സിലും ഉറപ്പുവരുത്തുക.
4. ഗണിതലാബ്, ഐ.ടി ലാബ്, ടാലന്റ് ലാബ്, ശാസ്ത്ര ലാബ് എന്നിവ പരീക്ഷണ നിരീക്ഷണങ്ങൾക്കായി വികസിപ്പിക്കുക.
5. ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ നിർമ്മിച്ച് സ്കൂൾ ഗ്രൗണ്ട് ആകർഷകമാക്കുക. കൃഷിയെ പ്രോത്സാഹിപ്പിക്കുക,

6. സ്കൂൾ ഗ്രൗണ്ട് കളികൾക്കും കായിക വികസനത്തിനുമായി വിപുലീകരിക്കുക.
7. അന്തർദേശീയതലം വരെ കുട്ടികളെ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ തുടക്കം മുതൽ ആസൂത്രണം ചെയ്യുക.
8. ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുക.
9. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ കുറച്ച് അവരെ മുൻനിരയിലേക്ക് ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
10. ക്ലബ് പ്രവർത്തനങ്ങൾ വിപുലീകരിക്കുക (പരിസ്ഥിതി, ശാസ്ത്ര സാമൂഹിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് അവബോധം വളർത്തുന്നതിന്.
11. ഉച്ചഭക്ഷണം നിലവിലുള്ള രീതിയിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

## ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക

പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കണ്ടറി സ്കൂളിലെ എല്ലാ ക്ലാസ്സ്മുറിയും വാർത്തതും കെട്ടുറപ്പുള്ളതും ജനലും വാതിലും ഉള്ളതുമാണ്. എല്ലാ ക്ലാസ്സ്മുറിയും ഹൈ-ടെക് ആക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ട്.

ഈ സ്കൂളിലെ 9 ക്ലാസ്സു മുറികൾ ആധുനിക സജ്ജീകരണങ്ങളുള്ള ഹൈ-ടെക്ക് ക്ലാസ്സു മുറികളാണ്. വീഡിയോ പ്രദർശിപ്പിച്ച് ക്ലാസ്സുകൾ എടുക്കുവാൻ സാധിക്കുന്നതിനാൽ പഠനം വിദ്യാർത്ഥികൾക്ക് എളുപ്പമാകുന്നു. പുതിയ ലാബ്, ലൈബ്രറി, ഓഫീസ് മുറി , ക്ലാസ്സ് മുറികൾ ഉൾപ്പെടെയുള്ള പുതിയ സ്കൂൾ

കെട്ടിടം പണി , കർമ്മ പദ്ധതിയിലാണ്. ഈ സ്കൂളിന്റെ മുൻഭാഗം പാവിംഗ് സ്റ്റോൺ പാകി മനോഹരമാക്കി. വിദ്യാലയത്തിന് വളരെ ഉപയോഗപ്രദമായ മനോഹരമായ ഒരു ഓഡിറ്റോറിയവും നിർമ്മിച്ചു. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സ്കൂളിനു വേണ്ടി ഡൈനിംഗ് ഹാൾ നിർമ്മിച്ചു. ഇതിനോട് ചേർന്ന് മാനേജ്മെന്റിന്റെ സഹായത്തോടു കൂടി വളരെ മനോഹരമായ ഒരു പാചക പുരയും നിർമ്മിച്ചു.

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം (UP & HS)

പ്രവർത്തനം 1

ഭാഷയും സാഹിത്യവും അനുസ്മരിപ്പിക്കുന്ന ദിനാചരണങ്ങൾ/
വിവരശേഖരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുകാർ/ പ്രസ്ഥാന പരിചയം | വിവര ശേഖരണം പ്രദർശനം എല്ലാവരിലുമെ - ത്തിക്കൽ | ആഴ്ചയിൽ രണ്ട് മൂന്ന് | വിദ്യാരംഗം കലാ - സാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |

പ്രവർത്തനം 2

ഗ്രന്ഥശാലാ നവീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദേശീയവും അന്തർദേശീ യവും ലോകോ ത്തരവുമായ കൃതികൾ പരിച യപ്പെടാൻ അവ സരമൊരുക്കൽ | ജന്മദിനത്തിൽ ഒരു പുസ്തകം ലൈബ്രറിക്ക് വർഗ്ഗീകരിച്ച് പുനഃക്രമീകരി ക്കൽ പുസ്തക വിതരണം | ആഴ്ച്ചയിൽ | ലൈബ്രേറിയൻ സ്കൂൾ കുട്ടി ഗ്രന്ഥ ശാലാ സംഘം | വേണമെങ്കിൽ മാത്രം |

പ്രവർത്തനം 3

ഭാഷാകൈത്താങ്ങ്-അക്ഷരം ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തും വായനയും എളുപ്പമാക്കൽ | അക്ഷരം ഉറപ്പിക്കുവാനും എഴുത്തും വായനയും തെളിച്ചമുള്ളതാകുവാനും | എല്ലാ ദിവസവും | ഭാഷാദ്ധ്യാപകർ സന്നദ്ധരായവർ കുട്ടികൾ | വേണമെങ്കിൽ മാത്രം |

പ്രവർത്തനം 4

സർഗ്ഗാത്മക രചനകൾ - പ്രകാശനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള ഭാഷാ പ്രാവീണ്യം നേടൽ | കുട്ടികളുടെ സർഗ്ഗ വൈഭവം കണ്ടെത്തൽ | ദിവസവും ആഴ്ചയിലും | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകർ |

പ്രവർത്തനം - 5

രചകളുടേയും കലാ-പ്രവർത്തനങ്ങളുടേയും
വെളിച്ചത്തിൽ രചനാ ശിൽപ്പ ശാലകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പ്രകടന ശേഷി കുറ്റമറ്റതാക്കൽ | ശിൽപ്പ ശാലകളിൽ രൂപപ്പെട്ടന്ന സൃഷ്ടികൾ വായിക്കാനും പാഠന പ്രവർത്തങ്ങളുമായി ബന്ധപ്പെടുത്തുവാനും | ആഴ്ച്ചയിൽ | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| | കഴിയുന്ന വിധ ത്തിൽ | | | |
| വിവിധ കലാ പരിപാടികൾ അവതരിപ്പിക്കു വാനും ആസ്വദിക്കാനു മുള്ള സാഹചര്യം ഒരുക്കൽ | അഭിനയം അവ തരണം തുടങ്ങിയ വസ്തു പ്രാധാന്യം | വർഷത്തിൽ | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകൻ |

പ്രവർത്തനം 6

വായന വീട്ടിലേക്ക് -പുസ്തക സഞ്ചിയുമായി

കുട്ടികൾ സമീപ വാസികളിലേക്കും.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | ലൈബ്രറി പുസ്ത കങ്ങൾ താല്പര്യ മുള്ള രക്ഷിതാ ക്കളിലേക്കും സ മീപവാസികളി ലേക്കും എത്തി ക്കുക | ഒരു വർഷ ത്തിൽ ഒരു തവ ണയെങ്കിലും | ലൈബ്രേറിയൻ കുട്ടി ഗ്രന്ഥശാലാ സംഘം | വേണമെങ്കിൽ മാത്രം |

പ്രവർത്തനം 7

50 കവികൾ 50 കവിതകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളേയും കൃതികളേയും പരിടയപ്പടൽ ജിവചരിത്രക്കുറിപ്പ് അഭിമുഖം ഇത്യാദി ശേഖരിക്കൽ | കാവ്യ സദസ്സ് കണ്ടും അനുഭവിച്ചും വിവരശേഖരണം ജിവചരിത്രക്കുറിപ്പ്, അഭിമുഖം ഇത്യാദി | ഒരു വർഷം | ഭാഷാദ്ധ്യാപകർ | പി ടി എ സന്നദ്ധർ |

പ്രവർത്തനം 8

പാഠ ഭാഗങ്ങളുടെ പാഠാസൂത്രണം തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃത്യമായ ഭാഷാശേഷിയിലേക്ക് കുട്ടിയെ കൈപിടിച്ചുയർത്തുന്നതിന് | അദ്ധ്യാപന സഹായി / ഐസിടി / സമഗ്ര അധിഷ്ഠിത ടി എം ആസൂത്രണം | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാദ്ധ്യാപകർ | ആവശ്യമെങ്കിൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ് ( UP& HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, **SRG** | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, **SRG** | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>**Book Reviews**<br>രചനകളുടെ പ്രദർശനം **(Magazine)** | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, **SRG** | പി.ടി.എ, **SRG,** മാനേജ്മെന്റ് |
| | **English fest, English film** കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | **Native Speakers** മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, **SRG** | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന **English writers, Poets** - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ- ഹിന്ദി (UP & HS)

## സ്കൂൾ തലം

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തങ്ങൾ ആസൂത്രണം ചെയുക
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
- ഭിന്ന ശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| നമ്പ ർ | പ്രവർത്തങ്ങൾ | കാലദൈർ ഖ്യം | ക്ലാ സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ . റോഡിലൂടെ | | | ഹിന്ദി അധ്യാപക | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ |

| | | | | | |
|---|---|---|---|---|---|
| | സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അറിവ് നൽകുന്നു | ജൂൺ ആദ്യവാരം | 5,6,7,8,9,10 | ർ ഹിന്ദി ക്ലബ് | തല്പരരാക്കുന്നു. യാത്രയിലും റോഡ് സുരക്ഷയിലും കുട്ടികളെ ബോധവാന്മാരാക്കുന്നു |
| 2. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 5,6,7,8,9 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക CWSN, SLOW, LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| | | | | | വ്യക്തി |

| | | | | | |
|---|---|---|---|---|---|
| 3. | പരിസ്ഥിതി ദിനം | ജൂൺ 5 | 7,8,9 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പസ് സൗന്ദര്യവത്കരണം എന്നിവയുടെ ആവശ്യകതയെ കുറിച്ച് മനസിലാക്കിക്കുന്നു |
| 4. | കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകാവുന്ന ഭാഷാ പോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് എന്നിവ് നടപ്പിലാക്കുന്നു | ജൂൺ രണ്ടാം വാരം | 8,9,10 | ഹിന്ദി അധ്യാപകർ മാറ്റ് ഭാഷാ അധ്യാപകർ | |
| 5. | വായന ദിനം ഹിന്ദി ക്ലബ് രൂപവത്കരണം | ജൂൺ 19 | 6,7,8,9,10 | ഹിന്ദി അധ്യാപകർ | |
| | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക ദൈനം | | | | |

| | | | | | |
|---|---|---|---|---|---|
| 6. | ദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക . ഹിന്ദിയിൽ എണ്ണം , ആഴ്ച , മാസം എന്നിവയുടെ ദൈനംദിന അവതരണം എല്ലാ ക്ലാസിലെയും പിന്നോക്കക്കാരെ തിരിച്ചറിയുക . അക്ഷരം തിരിച്ചറിയൽ പകർത്തെഴുത്ത് | പ്രതിദിനം | 5,6,7,<br>8,9,1<br>0 | ഹിന്ദി അധ്യാപക ർ<br>ICT | ഭാഷയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുക . വായന ശീലം വളർത്തുക |
| 7. | പ്രേംചന്ദ് ജയന്തി | ജൂലൈ 31 | 7,8,9,<br>10 | ഹിന്ദി അധ്യാപക ർ | പ്രേംചന്ദിനെ കുറിച്ച് അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാനും തല്പരരാക്കുക |
| 8. | CWSN, SLOW LEARNERS, കുട്ടികൾക്കായി പ്രതേകം പസിലുകൾ ഐ സി ടി മുഖാന്തിരം പല വർണ്ണങ്ങളിൽ | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,<br>10 | ഹിന്ദി അധ്യാപക ർ<br>ICT, BRC അധ്യാപക | |

| | | | | | |
|---|---|---|---|---|---|
| | ആകർഷകമായി അക്ഷരമാല അവതരണം | | | ർ | |
| 9. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക ഹിന്ദി അസംബ്ലി നടത്തുക | സെപ്റ്റംബർ 14 | 9,10 | ഹിന്ദി അധ്യാപകർ | |
| 10. | ഹിന്ദിയിലുടെ ഡയറി കുറിപ്പുകൾ ജീവനികൾ ആത്മകഥകൾ , കവിതകൾ , കഥകൾ എന്നിവ വായിപ്പിക്കുക . അക്ഷര കാർഡുകളിലൂടെ ഹിന്ദി അക്ഷരം ഉറപ്പിക്കുന്നു വാക്കുകൾ ചേർത്തുള്ള വായന | നവംബർ | 8,9, 10 | ഹിന്ദി അധ്യാപകർ | വായനക്ഷമത വളർത്തുക |
| 11. | ഗാന്ധി ജയന്തി | ഒക്ടോബർ 2 | 8,9, 10 | ഹിന്ദി അധ്യാപകർ മറ്റ് അധ്യാപകർ PTA, രചിതകൾ, ഹിന്ദി ക്ലബ് | സ്കൂൾ പരിസരം ശുചികരണം |

| | | | | | |
|---|---|---|---|---|---|
| 12. | വിശ്വ ഹിന്ദി ദിനം - പോസ്റ്റർ നിർമാണം, പ്രസംഗം , ഹിന്ദി പത്രിക തയ്യാറാക്കൽ | ജനുവരി | 8,9 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ് | ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു |
| 13. | പാഠ ഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | ഹിന്ദി അസ്സംബ്ലിയിലൂടെ ആത്മവിശ്വാസം സൃഷ്ടിക്കുക |
| 14. | ഹിന്ദി നാടകോത്സവം ; കഥ വായന , കഥ രചന , അഭിനയ പരിശീലനം ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം , കഥ ചാർട്ട് നിർമ്മിക്കുക | 1 വർഷം | 8,9, 10 | ഹിന്ദി അധ്യാപകർ മറ്റ് അധ്യാപകർ PTA, രചിതകൾ, ഹിന്ദി ക്ലബ് | ഭാഷ ജ്ഞാനം വർധിപ്പിക്കുക |
| 15. | ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം വാർത്തകൾ കാണാനുള്ള ക്രമീകരണം | 6 മാസം | 7,8,9, | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷ അഭിമുഖം വളർത്തുക |

| | | | | | |
|---|---|---|---|---|---|
| | | | 10 | മറ്റ് അധ്യാപകർ ICT | |
| 16. | കുട്ടികൾക്ക് മനസികോല്ലാസാ നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾകൊണ്ടനും , ഭാഷാ പഠനം എളുപ്പത്തിലാകുവാനുള്ള പ്രവർത്തനങ്ങൾ | 6 മാസം | 8,9,10 | ഹിന്ദി അധ്യാപകർ മറ്റ് അധ്യാപകർ | ഭാഷ ഉപയോഗമാറ്റങ്ങൾ സാങ്കേതിക വിദ്യയിലൂടെ പരിചയപ്പെടുത്തുക |
| 17. | ഹിന്ദി സാഹിത്യകാരന്മാരുടെ ഓർമ്മദിനം അവരുടെ കൃതികളെ ബന്ധപ്പെടുത്തി സെമിനാർ പുറത്തുനിന്നുള്ള പ്രഗൽഭരെ ഉൾപ്പെടുത്തി നടത്തുന്നു | ഒരു വർഷം | | ഹിന്ദി അധ്യാപകർ ICT | കവികളുമായി ഓൺലൈനിൽ സംവാദം |

# അക്കാദമിക മാസ്റ്റർ പ്ലാൻ- SOCIAL SCIENCE (UP & HS)

**ലക്ഷ്യങ്ങൾ:**

- വിദ്യാലയത്തിന്റെ ദർശനം സംബന്ധിച്ച ധാരണ പ്രതിഫലിപ്പിക്കും
- വിദ്യാലയത്തിന്റെ ദൗത്യ പൂർത്തീകരണത്തിനായി സ്വീകരിക്കേണ്ട തന്ത്രങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കും
- അക്കാദമിക പുരോഗതിയിലേക്കുള്ള പാത ചൂണ്ടിക്കാട്ടും
- അക്കാദമിക വിഭവ വിനയോഗം സാങ്കേതികവിദ്യയുടെ ഉപയോഗം വിദ്യാലയ അക്കാദമികാസൂത്രണം കുട്ടികൾക്ക് ലഭിക്കുന്ന സവിശേഷ അവസരങ്ങൾ തുടങ്ങിയവയെല്ലാം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള മാർഗരേഖയാണ്-

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് |
|---|---|---|---|
| 1. | **Social Science fest**<br>• പ്രദർശനങ്ങൾ<br>• ക്വിസ് മത്സരങ്ങൾ<br>• പ്രസംഗം<br>• നാടകങ്ങൾ<br>• പ്രാദേശികചരിത്ര രചന<br>• അറ്റ്ലസ് നിർമാണം<br>• ക്വിസ്<br>• Talent Search | തേർഡ് ടേം ജനുവരി | 5,6,7<br><br>8,9,10 |
| 2. | **ഡിജിറ്റൽ ആൽബം**<br>5-പ്രപഞ്ചം എന്ന മഹാത്ഭുതം അഭിമുഖം<br>6- വൈവിധ്യങ്ങളുടെ ലോകം വിവരശേഖരണം<br>7- യൂറോപ്പ് പരിവർത്തന പാതയിൽ | ചുരുങ്ങിയ സമയം<br><br>ഹ്രസ്വകാലം | 5,6,7<br><br>8,9,10 |
| 3. | **പ്രാദേശിക വിഭവ ഭൂപട നിർമാണം**<br>വ്യക്ക്തികൾ , സ്ഥാപനങ്ങൾ , സ്ഥലങ്ങൾ , എന്നിവ ക്രമപ്പെടുത്തി പ്രാദേശിക വിഭവ ഭൂപടം നിർമിക്കൽ , പ്രാദേശിക ചരിത്ര രചന | ഹ്രസ്വകാലം | 5,6,7<br><br>8,9,10 |
| 4. | **സെമിനാറുകൾ**<br>സാമൂഹ്യശാസ്ത്ര പഠനവും മാറ്റങ്ങളും സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ വിവരങ്ങൾ ശേഖരിക്കൽ അവതരണം റിപ്പോർട്ട് | തേർഡ് ടേം | 5,6,7 |
| 5. | നിർമാണം<br>ഗ്ലോബ് നിർമാണം | | |

| | | | |
|---|---|---|---|
| 6. | മാതൃക ലാബുകൾ സന്ദർശിക്കുക<br>സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | | 5-10 |
| 7. | **ശേഖരണം**<br>സ്റ്റാമ്പ് , പഴയകാല സാധങ്ങൾ<br>നാണയങ്ങൾ<br>സ്കൂളിന്റെ ചരിത്രം എഴുത്ത് | 1 മാസം | |
| 1. | **ഇലക്ഷൻ നടത്തുക**<br>കുട്ടികൾക്ക് വേണ്ടി സ്കൂളിൽ ഒരു ഇലക്ഷൻ നടത്തുന്നു | ഒരു വർഷത്തേക്ക് | |
| 2. | എല്ലാ കുട്ടികൾക്കും കാണാനും അറിയാനും വേണ്ടി ബോർഡിൽ വാർത്തകൾ എഴുതി ഇടുന്നു | ഒരു വർഷം | 5,6,7 |
| 3. | **ദിനാചരണങ്ങൾ നടത്തുന്നു**<br>എല്ലാ ദിവസങ്ങളുടെയും പ്രത്യേകതകൾ മനസ്സിലാക്കാൻ ദിനാചരണങ്ങൾ നടത്തുന്നു | ഒരു വർഷം | 5,6,7 |
| 4. | **പഠനയാത്ര**<br>ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങളെ കോട്ടുകൾ ക്ഷേത്രങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കാൻ സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങളിൽ കുട്ടികളെ പഠനയാത്രയ്ക്ക് കൊണ്ടുപോകുന്നു | ഒരു തവണ കൊണ്ടുപോകും | 5,6,7 |
| 5. | **അഭിമുഖം**<br>ചരിത്രകാരന്മാരുമായി അഭിമുഖം<br>ചോദ്യാവലികൾ തയ്യാറാക്കുന്നു | ഹ്രസ്വകാലം | 8,9,10 |
| 6. | **വാർത്ത വായന പരിശീലനം (5-10)**<br>പത്രനിർമ്മാണം<br>വായന മത്സരം | ഹ്രസ്വകാലം | 5,6,7,8,9,10 |
| 7. | **ചരിത്ര ക്വിസ്** | | |

| | | | |
|---|---|---|---|
| | ജനസംഖ്യയുമായി ബന്ധപ്പെട്ടത്<br>സ്വാതന്ത്ര്യ സമരം<br>ചരിത്രം<br>കേരളം<br>ദേശീയ അന്തർദേശീയ വാർത്തകൾ സംഭവങ്ങൾ | ഹ്രസ്വകാലം | 5-10 |

# അക്കാദമിക മാസ്റ്റർ പ്ലാൻ- സയൻസ് (UP & HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം (UP & HS)

| No. | ലക്ഷ്യം | ഉപലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | നിത്യജീവിതത്തിലെ ഗണിത മേഖലകൾ കണ്ടെത്തുന്നതിന് കുട്ടികളെ തയ്യാറാക്കുക അതുവഴി ഗണിതവുമായി ആത്മബന്ധം സ്ഥാപിക്കുന്നതിന് കുട്ടികളെ സജ്ജരാക്കുക | താല്പര്യമുണ്ടാക്കാൻ പഠന നിലവാരം ഉയർത്തൽ | ഗണിത കളികൾ | മധ്യകാലം | ഗണിത അധ്യാപകർ | SRG | |
| 2 | യുക്തിചിന്ത വികസിപ്പിക്കുന്നതിന് അനുയോജ്യമായി അധിക പ്രവർത്തനങ്ങൾ നൽകി ബൗദ്ധികതല വികാസം ഉറപ്പുവരുത്തുക | പഠന നിലവാരം ഉയർത്തൽ | ഗണിത ക്വിസ് | ദിർഘകാലം | Trs , Parents | UP HS | |
| 3 | ഗണിത പഠന | രൂപങ്ങൾ | | | ഗണിത | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | പ്രവർത്തനങ്ങൾ സുഗമമാകൽ ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയുക | മനസ്സിൽ ഉറപ്പിക്കുക നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക | ഗണിത ലാബ് | ആവശ്യാനുസരണം | അധ്യാപകർ | SRG PTA | |
| 4 | സർഗാത് സർഗാത്മകതയും വ്യക്തിവികസനവും സൂക്ഷ്മതയും ചിട്ടപ്പെടുത്തുന്നതിന് | ഗണിത കവിത കഥകൾ നാടകം ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ | ഗണിത മാക്സിൻ | ദിർഘകാലം | Trs, Students | PTA | |
| 5 | ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതു വഴി ജീവിത പ്രശ്നങ്ങളെ നേരിടുന്നതിനുള്ള ആത്മവിശ്വാസം നേടുക | | ഗണിത അസംബ്ലി | ഹ്രസ്വകാലം | students | TEACHERS | |
| 6 | മാക്സ് ലൈബ്രറിയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തു | പുസ്തക വായന പ്രോത്സാഹിപ്പിക്കുക പുസ്തക ശേഖരം | മാക്സ് ലൈബ്രറി | ദിർഘകാലം | ക്ലാസ് ലീഡർ ക്ലാസ് ടീച്ചർ | HM PUBLIC LIBRARY | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ക | ഡിജിറ്റൽ ലൈബ്രറിയുടെ ശേഖരണം | | | മാക്സ് ടീച്ചർ | | |
| 7 | കൃത്യത സൂക്ഷ്മത അച്ചടക്കം എന്നിവയുടെ വികസനത്തിന് ആനയോജ്യമായ പ്രവർത്തനം ചിട്ടപ്പെടുത്തുക | ഗണിത ഉപകരണങ്ങളുടെ നിർമ്മാണവും ഉപയോഗവും | ഗണിത വർക്ക് ഷോപ്പ് | ദിർഘകാലം | ടീച്ചർ, PTA | RMSA | |
| 8 | ഗണിത പഠനത്തിൻ ഐസിടി സാധ്യതകൾ ഉപയോഗിക്കുക | ഡിജിറ്റൽ ലൈബ്രറി രൂപീകരണം | ICT smart class room | ദിർഘകാലം | SITC MAths Teachers | HM DRG SRG | |
| 9 | ബുദ്ധിവികസന ത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെ സഹായിക്കുക അവരിൽ ഗണിത താല്പര്യവും വളർത്തുക ആശയരൂപീകര ണത്തിൽ അടിസ്ഥാനം ഉണ്ടാക്കാൻ സഹായിക്കുക | കുട്ടികളിൽ പഠന താൽപര്യം വർദ്ധിപ്പിക്കുക സ്കൂളിലേക്ക് വരാൻ താൽപര്യം വർദ്ധിപ്പിക്കുക | ഗണിത കളികൾ<br>ഗണിത കേളികൾ<br>കഥപറച്ചി ൽ | ദിർഘകാലം | ഗണിത അധ്യാ പകർ | BRC | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ വിഷയം : IT (UP & HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറി വരുന്ന | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപ | പി ടി എ |

| | | | | |
|---|---|---|---|---|
| പൂർത്തിയാക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക | സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയുന്നു | | കർ | |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹാസ്യ ചലച്ചിത്ര നിർമാണങ്ങൾ സംഘടിപ്പിക്കുക , ഇതു വഴി പഠനത്തിലൂടെ പരിചയിച്ചു സാങ്കേതിക വിദ്യകൾ പ്രായോഗിക തരത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി ടി എ ക്ലബ് |
| ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു . ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | സൈബർ ദുരപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെ ക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | |